# അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം

(സാന്നിദ്ധ്യം - ഡി. രാജീവ്, ഐ.ഒ.എഫ്.എസ്)

വിഷയം - എക്സൈസ് ഭരണപരം - ഇ.ഐ & ഐ.ബി. തിരുവനന്തപുരം യൂണിറ്റിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. എസ്. മധുസൂദനൻ നായർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകി പുറപ്പെടുവിക്കുന്ന - ഉത്തരവ്.

പരാമർശം - 1) ഉത്തരവ് നമ്പർ. XD3-3907/2008 തീയതി 16-12-2008 (പ്രിവന്റീവ് ഓഫീസർമാരുടെ 02.02.1993 മുതൽ 30-06-2003 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്).
2) ശ്രീ. എസ്. മധുസൂദനൻ നായരുടെ 30-04-2020-ലെ അപേക്ഷ.
3) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ & ഐ.ബി, ദക്ഷിണമേഖലയുടെ 30.04.2020-ലെ IB (SZ) B 03/2020.

**ഉത്തരവ് നമ്പർ. എക്സ്.ഡി3-216277/2020 തീയതി : 28-05-2020**

ഇ.ഐ & ഐ.ബി തിരുവനന്തപുരം യൂണിറ്റിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. എസ്. മധുസൂദനൻ നായർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ ലഭിക്കുകയുണ്ടായി. പരാമർശം (1) പ്രകാരമുള്ള പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ. 1151 ആയി ശ്രീ. എസ്. മധുസൂദനൻ നായർ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീ. എസ്. മധുസൂദനൻ നായർ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷനാവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്തതിനാൽ ടിയാന് നാളിതുവരെ പ്രൊമോഷൻ നൽകിയിട്ടില്ലാത്തതാണ്. എന്നാൽ ടിയാന് 30.04.2020-ന് 50 വയസ് പൂർത്തിയായിട്ടുള്ളതിനാൽ KS & SSR Rule 13(B) യുടെ ആനുകൂല്യം നൽകി അസിസ്റ്റൻന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്ന് സൂചന (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2) ശ്രീ. എസ്. മധുസൂദനൻ നായർ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പത്താം ക്ലാസ് അടിസ്ഥാന യോഗ്യത നേടിയിട്ടുണ്ട്. ടിയാന് 20-08-2011-ന് മുമ്പ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാന കയറ്റം ലഭിച്ചിട്ടുള്ളതുമാണ്. ടിയാന് 30-04-2020-ന് 50 വയസ് പൂർത്തിയായിട്ടുണ്ട്. ആയതിനാൽ KS & SSR Rule 13(B) യുടെ ആനുകൂല്യം നൽകി, വിശേഷാൽ ചട്ടത്തിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് ടിയന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാവുന്നതാണ്.

3) മേൽ സാഹചര്യത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ. എസ്. മധുസൂദനൻ നായർക്ക് 50 വയസ് പൂർത്തിയായ സാഹചര്യത്തിൽ KS & SSR ചട്ടം 13(B)-യുടെ അടിസ്ഥാനത്തിൽ വിശേഷാൽ ചട്ടത്തിലെ ചട്ടം 6-ൽ നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് 29200-62400/-രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാന കയറ്റം നൽകി കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)

ഗ്രാഹകൻ -

ശ്രീ. എസ്. മധുസൂദനൻ നായർ,
പ്രിവന്റീവ് ഓഫീസർ
(അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ & ഐ.ബി,
ദക്ഷിണമേഖല മുഖാന്തിരം)

പകർപ്പ് -
1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്).
2) ജോയിന്റ് എക്സൈസ് കമ്മീഷണർ, തെക്കൻ മേഖല & ഇ.ഐ & ഐ.ബി,
3) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ & ഐ.ബി, ദക്ഷിണമേഖല, തിരുവനന്തപുരം.
4) ഉത്തരവ് ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ജി.എം.